നം.സി2/18717/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ് , തിരുവനന്തപുരം,
തീയതി : 28/09/2011

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ്- സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :-
1. സർക്കുലർ നമ്പർ 29/2003
2. 22/12/2003 തീയതിയിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനം
3. 09/06/2010 തീയതിയിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനം
4. 07/07/2010 തീയതിയിലെ സി1/901/റ്റി.സി/2009 നമ്പർ കത്ത്
5. 30/05/20011 തീയതിയിലെ സി1/901/റ്റി.സി/2009 നമ്പർ കത്ത്

സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സംബന്ധമായി നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും സ്കൂൾ അധികാരികളും, രക്ഷാകർത്താക്കളും, ബസ് ഓടിക്കുന്നവരും പലപ്പോഴും ഇത് പാലിക്കാറില്ല. ഇത് മൂലം വളരെ ദാരുണമായ പല അപകടങ്ങളും ഉണ്ടാകുന്നുണ്ട്. ആയതിനാൽ നമ്മൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലേയും ഹെഡ്മാസ്റ്റർ അഥവാ പ്രിൻസിപ്പാൾ, സ്കൂളിലെ നോഡൽ ഓഫീസർ, പി.റ്റി.എ പ്രസിഡന്റ്, മറ്റ് ഭാരവാഹികൾ, സ്കൂൾ ബസിലെ ഡ്രൈവർമാർ എന്നിവർക്ക് വീണ്ടും അടിയന്തിരമായി കോപ്പി എടുത്ത് നൽകേണ്ടതാണ്. ഇത് കിട്ടിയ വിവരം അവരിൽ നിന്നും കൈപ്പറ്റിയതായി ഒപ്പിട്ട് വാങ്ങേണ്ടതാണ്. എല്ലാ സ്കൂളുകൾക്കും എയ്ഡഡ്/അൺ എയ്ഡഡ്/ഗവൺമെന്റ് എന്നിവക്കെല്ലാം ഇത് ബാധകമാക്കേണ്ടതാ-ണ്. സ്കൂൾ വാഹനങ്ങളിലും, ബസ്സുകളിലും കയറ്റാവുന്ന പരമാവധി വിദ്യാർത്ഥികളുടെ എണ്ണവും ഇത്തരം നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

വിശ്വസ്തതയോടെ

വിശ്വസ്തതയോടെ

ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ, സെക്രട്ടറി, എസ്.റ്റി.എ യുടെ സി.എ, സീനിയർ ഡി.റ്റി.സി (ടാക്സ്) സി.എ, സീനിയർ എ.ഒ, സീനിയർ എഫ്.ഒ, സൂക്ഷിപ്പ് ഫയൽ, അധികം.